**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** **07-12-2022 - ൽ മറുപടിയ്ക്ക്**

**കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗത്ത് സംരക്ഷണഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപുഴയോട് ചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞ് താഴ്ന്ന് ക്ഷേത്രം തന്നെ അപകടാവസ്ഥയിലായ സാഹചര്യത്തിൽ പുഴയോരം ഭിത്തി കെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യം സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിയ്ക്കാൻ ആവശ്യപ്പെട്ടതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ആവശ്യം ഉന്നയിച്ച് എം.എൽ.എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാന ത്തിൽ 30/10/2019-ന് RMF സബ് കമ്മിറ്റി, സ്ഥല പരിശോധന നടത്തുകയും, തുടർന്ന് 23/11/2019-ന് മലപ്പുറം ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന RMF ജില്ലാ വിദഗ്ധ സമിതിയുടെ 88-ാം നമ്പർ യോഗനടപടികുറിപ്പ് പ്രകാരം മങ്കട നിയോജക മണ്ഡലത്തിൽ കൂട്ടിലങ്ങാടി പഞ്ചായത്തിൽ പടിഞ്ഞാറ്റുമുറിയിൽ കീഴ് തൃക്കോവിൽ ക്ഷേത്രത്തിനു സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം" എന്ന പ്രവൃത്തിയുടെ 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (6 കോപ്പി വീതം) മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ ആദ്യവാരത്തെ ശക്തമായ മഴയിൽ പ്രസ്തുത സ്ഥലം കൂടുതൽ ഇടിയുകയും ഇതിനു പരിഹാരം കാണുന്നതിനായി ബഹു. എം.എൽ.എ കൂട്ടിലങ്ങാടി പഞ്ചായത്ത് ഓഫീസിൽ 06/09/2022-ന് മീറ്റിംഗ് വിളിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിന് പുതുക്കിയ നിരക്ക് പ്രകാരം ഒന്നാം ഘട്ടമായി 35 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 15 ലക്ഷം രൂപയും ചെലവ് വരുന്നതാണ്. 2022-23 വർഷത്തെ FD പ്രയോരിറ്റി ലിസ്റ്റിൽ 23-ാമത്തെ പ്രവൃത്തിയായും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (സി) | സമയബന്ധിതമായി നടപ്പിലാക്കേണ്ട പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ